ഭരണഭാഷ മാതൃഭാഷ

## വനിതശിശുവികസനഡയറക്ടറുടെ നടപടിക്രമങ്ങൾ

**(സാന്നിദ്ധ്യം : അനുപമ റ്റി.വി. IAS )**

വിഷയം : വനിതശിശുവികസനവകുപ്പ്-അങ്കണവാടി കെട്ടിട നിർമ്മാണം-
മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുമായി
(MGNREGS) ചേർന്ന് അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന്
അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം :1)കേന്ദ്ര സർക്കാരിന്റെ 31/05/2016,10/08/2016 ,29/03/2017 തീയതികളിലെ F.No.CD-14/102/2015/CD-II നമ്പർ കത്ത്

2) സ.ഉ.(സാധാ)നം.330/2021/സാനീവ തീയതി 19/05/2021

3) ഈ കാര്യാലയത്തിലെ 03/09/2021 തീയതിയിലെ ഐസിഡിഎസ്സ്/എ7-5914/21 നമ്പർ ഉത്തരവ്

4) കോട്ടയം പ്രോഗ്രാം ആഫീസറുടെ 26/05/2021,28/06/2021,02/09/2021 തീയതികളിലെ പി.ഒ.കെ/517/2021 നമ്പർ കത്ത്

5) പാലക്കാട് പ്രോഗ്രാം ആഫീസറുടെ 16/08/2021 തീയതിയിലെ ബി-664/17 നമ്പർ കത്ത്

6) തൃശ്ശൂർ പ്രോഗ്രാം ആഫീസറുടെ 08/10/2021 തീയതിയിലെ PO/TSR/D-860/19 നമ്പർ കത്ത്

7) കൊല്ലം പ്രോഗ്രാം ആഫീസറുടെ 18/10/2021 തീയതിയിലെ ഐസിഡിഎസ്സ്/എഫ്-801/2021 നമ്പർ കത്ത്

8)മലപ്പുറം പ്രോഗ്രാം ആഫീസറുടെ 14/07/2021 തീയതിയിലെ എ-836/2021 നമ്പർ കത്ത്

9) മലപ്പുറം പ്രോഗ്രാം ആഫീസറുടെ 09/11/2021 തീയതിയിലെ ബി-452-2019/2021 നമ്പർ കത്ത്

**ഉത്തരവ് നം ഐസിഡിഎസ്സ്/എ7-5914/21 തീയതി :18/12/2021**

. വനിതശിശുവികസന വകുപ്പിന് കീഴിലുള്ള 923 അങ്കണവാടികൾക്ക് MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം സൂചന (1) പ്രകാരം കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിരുന്നു. ടി പദ്ധതി പ്രകാരം ഒരു അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് MGNREGS മിഷൻ വിഹിതമായി 5 ലക്ഷം രൂപയും, കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതമായി 2 ലക്ഷം രൂപ 60:40 എന്ന അനുപാതത്തിലും ബാക്കി ആവശ്യമായ തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ ഫണ്ട് വിനിയോഗിക്കുന്നത് MGNREGS മിഷൻ ഡയറക്ടർ മുഖേനയാണ്. വിവിധ ഘട്ടങ്ങളിലായി 720

അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഈ കാര്യാലയത്തിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്.

കേന്ദ്ര സർക്കാർ നിർമ്മാണാനുമതി നൽകിയ 923 അങ്കണവാടികളിൽ നിർമ്മാണത്തിന് അവശേഷിക്കുന്ന 203 അങ്കണവാടികളുടെ കേന്ദ്രസംസ്ഥാന വിഹിതമായ 406 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം 4235-02-102-89 പ്ളാൻ ശീർഷകത്തിൽ നിന്നും പിൻവലിച്ച് നിർവ്വഹണ ഏജൻസിയായ MGNREGS മിഷൻ ഡയറക്ടറുടെ TSB അക്കൌണ്ട് നം 799011400000486 ൽ നിക്ഷേപിക്കുന്നതിനും 203 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും പരാമർശം (2) പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തുക MGNREGS മിഷൻ ഡയറക്ടറുടെ TSB അക്കൌണ്ട് നം 799011400000486 ൽ പരാമർശം (3) പ്രകാരം നിക്ഷേപിച്ചിട്ടുണ്ട്.

MGNREGS പദ്ധതി പ്രകാരം 16 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തി വിവിധ ജില്ലകളിലെ പ്രോഗ്രാം ആഫീസർമാർ പരാമർശം (4), (5), (6), (7), (8), (9) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട് . ഈ സാഹചര്യത്തിൽ അനുബന്ധമായി ചേർത്തിട്ടുള്ള 16 അങ്കണവാടികൾക്ക് MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനും MGNREGS മിഷൻ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ള 406 ലക്ഷം രൂപയിൽ നിന്നും വകുപ്പ് വിഹിതമായി കെട്ടിടം ഒന്നിന് 2,00,000/- ( രണ്ട് ലക്ഷം രൂപ മാത്രം ) നിരക്കിൽ ആകെ 32,00,000/-/- ( മുപ്പത്തിരണ്ട് ലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ടി തുക ഉപയോഗിച്ച് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട സിഡിപിഒമാർ നിർമ്മാണ പുരോഗതി വിലയിരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്

മിഷൻ ഡയറക്ടർ
MGNREGS
തിരുവനന്തപുരം

**ഒപ്പ്**

വനിതശിശുവികസനഡയറക്ടർ

**<u>പകർപ്പ്</u>**

1) പ്രോഗ്രാം ആഫീസർ,
(കോട്ടയം,പാലക്കാട്,തൃശ്ശൂർ,കൊല്ലം,മലപ്പുറം)
2) ബന്ധപ്പെട്ട സിഡിപിഒമാർക്ക്
3) സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

അനുബന്ധം

**MGNREGS പദ്ധതി പ്രകാരം കെട്ടിടനിർമ്മാണാനുമതി നൽകുന്ന അങ്കണവാടികളുടെ ലിസ്റ്റ്**

| ക്രമ നം | ജില്ല | ഐസിഡിഎസ്സ് | പഞ്ചായത്ത് | AWC NO |
|---|---|---|---|---|
| 1 | കോട്ടയം | വാഴൂർ | വാഴൂർ | 108 |
| 2 | കോട്ടയം | ഉഴവൂർ | ഉഴവൂർ | 46 |
| 3 | കോട്ടയം | ഉഴവൂർ | ഉഴവൂർ | 55 |
| 4 | കോട്ടയം | വൈക്കം | ചെമ്പ് | 112 |
| 5 | പാലക്കാട് | ഒറ്റപ്പാലം | ലക്കിടി പെരൂർ | 19 |
| 6 | തൃശ്ശൂർ | തളിക്കുളം | വാടാനപ്പള്ളി | 116 |
| 7 | കൊല്ലം | ശാസ്താംകോട്ട അഡീഷണൽ | ശാസ്താംകോട്ട | 23 |
| 8 | മലപ്പുറം | വണ്ടൂർ | വണ്ടൂർ | 61 |
| 9 | മലപ്പുറം | വണ്ടൂർ | വണ്ടൂർ | 58 |
| 10 | മലപ്പുറം | വണ്ടൂർ | വണ്ടൂർ | 68 |
| 11 | മലപ്പുറം | അരീക്കോട് | അരീക്കോട് | 19 |
| 12 | മലപ്പുറം | അരീക്കോട് | അരീക്കോട് | 14 |
| 13 | മലപ്പുറം | കാളികാവ് | കാളികാവ് | 97 |
| 14 | മലപ്പുറം | കാളികാവ് | കാളികാവ് | 89 |
| 15 | മലപ്പുറം | കാളികാവ് | കാളികാവ് | 94 |
| 16 | മലപ്പുറം | കാളികാവ് | കാളികാവ് | 81 |

Sd/-

Fa വനിതാശിശുവികസന ഡയറക്ടർ